**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SEERI), കോട്ടയം, സർവ്വകലാശാലയുടെ റീജിയണൽ സെന്റർ ആയി നിലനിർത്തുന്നതിനും, 2019-20 അദ്ധ്യയന വർഷം എം.എ സിറിയക് കോഴ്സിന് പ്രവേശനം നേടിയ പതിമൂന്ന് വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകി പരീക്ഷ എഴുതുന്നതിന് അനുമതി നൽകുന്നതിനും, അക്കാദമികവും ഭരണപരവുമായ സർവ്വകലാശാല നിയമങ്ങളും, ചട്ടങ്ങളും ഇനിമേൽ റീജിയണൽ സെന്റർ കർശനമായി പാലിയ്ക്കേണ്ടതാണെന്നും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 2926/AC A 7/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2020

---

*പരാമർശം:*-1. സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീരി) ഡയറക്ടറുടെ 31.12.2018 തീയതിയിലെ കത്ത്.

2. സർവ്വകലാശാലാ ഉത്തരവ് നം: 151/2019/MGU-ADMINISTRATION തീയതി: 16.01.2019.

3. സർവ്വകലാശാലാ ഉത്തരവ് നം:2755/AC A 7/2019/എം.ജി.യു തീയതി: 20.06.2019

4. 20.06.2019 ൽ സിൻഡിക്കേറ്റ് അംഗം ഡോ. എം. എസ്. മുരളി സർവ്വകലാശാലയിൽ സമർപ്പിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട്.

5. സർവ്വകലാശാലാ ഉത്തരവ് നം. 6215/ എ.സി.എ 7/ 2019/ എം.ജി.യു, തീയതി, 05.12.2019

6. 05.06.2020 തീയതിയിലെ സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസലിന്റെ നിയമോപദേശം.

7. 24.06.2020 തീയതിയിലെ വൈസ്-ചാൻസിലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ കീഴിൽ എം.എ. സിറിയക് പഠനത്തിനുള്ള റീജിയണൽ സെന്ററായി 1995-ൽ അംഗീകാരം നൽകിയ സ്ഥാപനമായ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SEERI), കോട്ടയം, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജ് അല്ലാത്തതിനാൽ വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ സ്ഥാപനത്തെ, അതിന്റെ എഡ്യൂക്കേഷനൽ ഏജൻസിയുടെ കീഴിൽ തന്നെ, സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജായ മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (മാക്ഫാസ്റ്റ്), തിരുവല്ല -യുടെ ഡിപ്പാർട്ട്മെന്റ് ഓഫ് സിറിയക് ആയി പരിഗണിക്കണമെന്നും,

Draft #13 of File 5085/AC A7/1/2018/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2020 02:47 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

എം. എ. സിറിയക് കോഴ്സിൽ 2018-19 അദ്ധ്യയന വർഷം ചേർന്ന വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് SEERI-യുടെ ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2018-19 അദ്ധ്യയന വർഷം എം എ സിറിയക് കോഴ്സിന് ചേർന്ന വിദ്യാർത്ഥികളെ താൽക്കാലികമായി പരീക്ഷയ്ക്ക് രെജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം നൽകുന്ന വിഷയവും SEERI-യെ സർവ്വകലാശാലയുടെ റീജണൽ സെൻറർ ആയി നിലനിർത്തുന്ന വിഷയവും 31.05.2019-ൽ കൂടിയ സിൻഡിക്കേറ്റ് പരിഗണിക്കുകയും, ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ കമ്മീഷനെ നിയമിച്ച് സർവ്വകലാശാല ഉത്തരവ് നമ്പർ പരാമർശം (3) പുറപ്പെടുവിക്കുകയും, പരാമർശം (4) പ്രകാരം അന്വേഷണ കമ്മീഷൻ സർവ്വകലാശാലയിൽ സമർപ്പിച്ച റിപ്പോർട്ടിൽ എം. ജി. യു. ആക്ട് 1985 (ACT 12 of 1985) ചാപ്റ്റർ II, ക്ലോസ് 5 -ലെ സെക്ഷൻ XVI,XVII,XX,XXIII വ്യവസ്ഥകൾ പ്രകാരം SEERI-യെ സർവ്വകലാശാലയുടെ റീജണൽ സെൻറർ ആയി നിലനിർത്താൻ സാധിക്കുമോ എന്ന കാര്യത്തിൽ നിയമോപദേശം തേടാനും, നിയമോപദേശം അനുകൂലമാകുന്ന പക്ഷം SEERI-യെ സർവ്വകലാശാലയുടെ റീജണൽ സെൻറർ ആയി നിലനിർത്തുന്നതിനും ശുപാർശ ചെയ്യു .

പരാമർശം (4) അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പരിഗണിച്ച 16.11.2019 തീയതിയിലെ സിൻഡിക്കേറ്റ് യോഗം അന്വേഷണ റിപ്പോർട്ട് അംഗീകരിക്കുകയും, അതനുസരിച്ച് പരാമർശം (5) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

21.06.1995 -ൽ സർവ്വകലാശാലയും SEERI -യും തമ്മിലുണ്ടാക്കിയ കരാർ അനുസരിച്ച് സിറിയക് ഭാഷയുടെയും സാഹിത്യത്തിന്റെയും സവിശേഷ പഠനത്തിനുള്ള കേന്ദ്രമായി SEERI -യെ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതാണന്നും, SEERI -യിൽ സർവ്വകലാശാലയുടെ ഒരു റീജണൽ സെൻറർ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള തീരുമാനം നിലവിലുള്ളതുകൊണ്ടും, പ്രസ്തുത കരാർ ഇതുവരെ സർവ്വകലാശാല റദ്ദാക്കിയിട്ടില്ല എന്നതുകൊണ്ടും, SEERI -യുടെ അംഗീകാരം പിൻവലിക്കാനുള്ള ഒരു സാഹചര്യവും നിലവിൽ ഇല്ലാത്തതുകൊണ്ടും, SEERI സർവകലാശാലയുടെ റീജണൽ സെൻറർ ആയി തുടരും എന്നുള്ള സ്റ്റാൻഡിങ് കോൺസൽ നൽകിയ പരാമർശം (6) പ്രകാരമുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം (3), വകുപ്പ് 10 (17) -ലെ അധികാരമുപയോഗിച്ച് പരാമർശം (7) പ്രകാരം ബഹു. വൈസ്-ചാൻസിലർ ചുവടെ പരാമർശിച്ചിരിക്കുന്ന തീരുമാനമെടുത്തു -

1. SEERI -യെ സർവകലാശാലയുടെ ഒരു Regional Centre ആയി നിലനിർത്തുന്നു.

2. 2019-20 അദ്ധ്യയന വർഷം, മേൽ Regional Centre-ൽ MA സിറിയക് കോഴ്സിന് പ്രവേശനം നേടിയ 13 (പതിമൂന്ന്) വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകി പരീക്ഷ എഴുതുന്നതിന് അനുമതി നൽകുന്നു.

3. അക്കാദമികവും - ഭരണപരവുമായ സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും ഇനിമേൽ Regional Centre കർശനമായി പാലിയ്ക്കേണ്ടതാണ്

Draft #13 of File 5085/AC A7/1/2018/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2020 02:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, സെന്റ്എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം
2. വി.സി.യുടെ പി.എസ്, പി .വി.സി.യുടെ പി.എസ്.
3. രജിസ്ട്രാറുടെ പി.എ.
4. സി.ഇ.യുടെ പി.എ.
5. എഫ്.ഒ.യുടെ പി.എ.
6. എ.ആർ1 (അക്കാദമിക്).
7. ഡിആർ1 (അക്കാദമിക്).
8.ജെ.ആർ2 (ഭരണ വിഭാഗം).
9 എ.സി.സി.സെക്ഷൻ.
10. സീടെക്സ് സെക്ഷൻ.
11. ഇ.എച്ച്.15 സെക്ഷൻ.
12. കണ്ടന്റ്മാനെജ്മെന്റ് സെക്ഷൻ
13. പി,ആർ.ഓ / എൻക്വയറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #13 of File 5085/AC A7/1/2018/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2020 02:47 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം